**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 211** **22-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക വിഭാഗങ്ങൾക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ,<br>ശ്രീ. വി. പി. സജീന്ദ്രൻ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. കെ. എസ്. ശബരീനാഥൻ | | Shri A. K. Balan<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പമന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം ഭൂമിയുടെ ഉടമസ്ഥത ആണെന്നതിനാൽ അവരെ ഭൂമിയുടെ ഉടമസ്ഥരാക്കുന്നതിന് നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ; | (എ) | ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീടു വെക്കുവാൻ സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. അർഹരായ കുടുംബങ്ങൾ സ്വന്തം നിലയിൽ സ്ഥലം കണ്ടെത്തി സർക്കാർ ധനസഹായം ഉപയോഗിച്ച് വിലയ്ക്ക് വാങ്ങുന്ന പദ്ധതിയാണിത്. ഗ്രാമപ്രദേശത്ത് 5 സെൻറ് സ്ഥലം വാങ്ങുവാൻ 3,75,000 രൂപയും മുനിസിപ്പൽ പ്രദേശത്ത് 3 സെൻറ് വാങ്ങുവാൻ 4,50,000 രൂപയും കോർപ്പറേഷൻ പ്രദേശത്ത് 3 സെൻറ് വാങ്ങുവാൻ 6,00,000 രൂപയും അനുവദിക്കുന്നു. ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്നതിന്:- 2002 ലെ സുപ്രീംകോടതി വിധി പ്രകാരം ലഭിച്ച നിക്ഷിപ്ത വനഭൂമിയുടെ വിതരണം വനാവകാശ നിയമപ്രകാരം ആർ.ഒ.ആർ. അനുവദിക്കുന്ന പദ്ധതി റവന്യൂ ഭൂമിയുടെയും ഫാം ഭൂമിയുടേയും വിതരണം ലാൻഡ് ബാങ്ക് പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന് പുറമെ ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവന രഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുമ്പോൾ പട്ടികവിഭാഗങ്ങൾക്കും ആനുപാതികമായി വീടുകൾ ലഭിക്കും. |
| (ബി) | സർക്കാർ ഇക്കാര്യത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; അതിലൂടെ ഭൂമി നൽകുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2020 ഡിസംബർ 31 വരെ 18,637 ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുവാൻ സ്വന്തമായി സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ ഈ സർക്കാർ വന്ന ശേഷം 4768 കുടുംബങ്ങൾക്ക് 3869.73 ഏക്കർ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. വനാവകാശ നിയപ്രകാരം 1395 കുടുംബങ്ങൾക്ക് 1796.96 ഏക്കർ |

| | | | |
|---|---|---|---|
| | | | സ്ഥലത്തിന് ആർഒആർ 2002 ലെ സുപ്രീംകോടതി വിധി പ്രകാരം 19002.2 ഏക്കർ നിക്ഷിപ്ത വനഭൂമി ലഭ്യമായിരുന്നു. ഇതിൽ റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധനയ്ക്ക് ശേഷം വാസയോഗ്യമാണെന്ന് കണ്ടെത്തിയ ഭൂമിയിൽ നിന്നും 5408.14 ഏക്കർ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2708 കുടുംബങ്ങൾക്ക് 1870.41 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. 186 കുടുംബങ്ങൾക്ക് 27.30 ഏക്കർ റവന്യൂ ഭൂമി അനുവദിച്ചു. ഗുണഭോക്താക്കൾ നിർദ്ദേശിക്കുന്ന ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പഴയ പദ്ധതി പ്രകാരം 273 പേർക്ക് 149.05 ഏക്കർ ഭൂമി വാങ്ങി നൽകി. ലാൻഡ് ബാങ്ക് പദ്ധതി ഫണ്ട് ഉപയോഗിച്ച് 206 കുടുംബങ്ങൾക്ക് 26.02 ഏക്കർ സ്ഥലം വാങ്ങി നൽകി. |
| (സി) | ആദിവാസി മേഖലകളോട് ചേർന്ന് കിടക്കുന്ന വാസയോഗ്യവും കൃഷിയോഗ്യവുമായ സ്ഥലം പർച്ചേയ്സ് കമ്മിറ്റി നിശ്ചയിക്കുന്ന വിലക്ക് ഭൂഉടമകളിൽ നിന്നും വാങ്ങി ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തി അർഹരായവർക്ക് വിതരണം ചെയ്യുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (സി) | ലാൻഡ് ബാങ്ക് പദ്ധതി 2018-19 ൽ ആണ് ആരംഭിച്ചത്. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാതല പർച്ചേസ് കമ്മിറ്റി ശുപാർശ ചെയ്ത് സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റി അംഗീകരിക്കുന്ന സ്ഥലങ്ങളാണ് ഈ പദ്ധതി പ്രകാരം വാങ്ങുന്നത്. ഈ പദ്ധതിയിൽ മലപ്പുറം ജില്ലയിൽ 34 കുടുംബങ്ങൾക്ക് 5.27 ഏക്കറും കോഴിക്കോട് ജില്ലയിൽ ഒരു കുടുംബത്തിന് 28 സെൻറും വയനാട് ജില്ലയിൽ വെള്ളപ്പൊക്ക ഭീഷണിമൂലം മാറ്റി പാർപ്പിക്കേണ്ടി വന്ന 171 കുടുംബങ്ങൾക്ക് 20.47 ഏക്കർ സ്ഥലം വാങ്ങി നൽകി. കോട്ടയം ജില്ലയിൽ 2.15 ഏക്കർ, എറണാകുളം ജില്ലയിൽ 6.24 ഏക്കർ വയനാട് ജില്ലയിൽ 7.34 ഏക്കർ, പാലക്കാട് ജില്ലയിൽ 7.3 ഏക്കർ, കോഴിക്കോട് ജില്ലയിൽ 3.79 ഏക്കർ, കാസർഗോഡ് 19.25 ഏക്കർ എന്നിങ്ങനെ 46.07 ഏക്കർ സ്ഥലം വാങ്ങിയത് വിതരണ നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനു പുറമെ പത്തനംതിട്ട ജില്ലയിൽ 5.50 ഏക്കറും വയനാട്ടിൽ 6.16 ഏക്കറും ഉൾപ്പെടെ 11.66 ഏക്കർ സ്ഥലം വാങ്ങുവാനുള്ള നടപടികൾക്ക് സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുമുണ്ട്. |
| (ഡി) | പ്രസ്തുത വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭൂമി അവർക്ക് തന്നെ ലഭിക്കുന്നുവെന്നും അത് അന്യാധീനപ്പെടുത്തുന്നില്ലായെന്നും ഉറപ്പാക്കുന്നതിന് സോഷ്യൽ ആഡിറ്റ് സംവിധാനം ഏർപ്പെടുത്തുമോ? | (ഡി) | പട്ടികവിഭാഗങ്ങൾക്ക് ലഭിക്കുന്ന ഭൂമി അന്യാധീനപ്പെടുന്നില്ലാ എന്ന് ഉറപ്പുവരുത്തുവാൻ നിലവിൽ നിയമ വ്യവസ്ഥകൾ ഉണ്ട്. കേരള റസ്ട്രിക്ഷൻ ഓൺ ട്രാൻസ്ഫർ ബൈ & റെസ്റ്റോറേഷൻ ഓഫ് ലാൻഡ്സ് ടു ഷെഡ്യൂൾഡ് ട്രൈബ്സ് ആക്ട്, 1999 പ്രകാരം അനന്തരാവകാശികൾക്കല്ലാതെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിന് നിരോധനമുണ്ട്. ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം |

| | | | |
|---|---|---|---|
| | | | നൽകുന്ന പട്ടയത്തിലും പട്ടികജാതിക്കാർ രജിസ്റ്റർ ചെയ്യുന്ന പ്രമാണങ്ങളിലും 12വർഷത്തേക്ക് കൈമാറ്റം പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആദിവാസികളുടെ കൈവശത്തിലുള്ള ഭൂമി അന്യാധീനപ്പെടുന്ന സ്ഥിതി ഇപ്പോൾ നിലവിലില്ല. മാത്രമല്ല വിവിധ പദ്ധതികൾ പ്രകാരം അനുവദിക്കപ്പെടുന്ന ഭൂമിയിൽ വീട് വെക്കുന്നതിനും കൃഷി ചെയ്യുന്നതിനും സർക്കാർ ധനസഹായം നൽകുന്നുണ്ട് എന്നതിനാൽ ഭൂമി ഉപയോഗിക്കുവാൻ കൂടുതൽ താൽപ്പര്യം പുലർത്തുന്നുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ സോഷ്യൽ ഓഡിറ്റിന്റെ ആവശ്യകത വരുന്നില്ല. എങ്കിലും സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്തുന്നതിന് സർക്കാർ എതിരല്ല. |

സെക്ഷൻ ഓഫീസർ